സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം പദ്ധതി

83(783) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്ന ജങ്ക്ഫുഡ്, ട്രാൻസ്ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക, പാൻമസാല എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നു. ഇങ്ങനെ പരിശീലനം ലഭിച്ച കുട്ടികൾ അതാതു സ്കൂളുകളിലെ മറ്റുകുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകിവരുന്നു. ഇതിനാവശ്യമായ ലഘുലേഖകൾ, സി.ഡി.-കൾ മറ്റു പരിശീലന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകിവരുന്നു. ഇതിനകംതന്നെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് ഇപ്രകാരം പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരം നടത്തിക്കഴിഞ്ഞിട്ടുണ്ട്. മേഖലാടിസ്ഥാനത്തിൽ ഈ വിഷയത്തെപ്പറ്റി കുട്ടികൾക്ക് പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തി അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly